**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4203** **28-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ഓട്ടോമൊബൈൽസ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഓട്ടോമൊബൈൽസിലെ ജീവനക്കാർക്ക് അവസാനമായി ശമ്പളപരിഷ്കരണം നടപ്പാക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ; ദീർഘകാലമായി ഇവിടെ ശമ്പള പരിഷ്കരണം നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കുമോ; മുൻകാല പ്രാബല്യത്തോടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്ക് അവസാനമായി ശമ്പള- പരിഷ്കരണം നടപ്പിലാക്കിയത് 2003 ലും, ഓഫീസർ കാറ്റഗറിയിലെ ജീവന-ക്കാർക്ക് അവസാനമായി ശമ്പള-പരിഷ്കരണം നടപ്പിലാക്കിയത് 2010 ലും ആണ്. 2006 മുതൽ കമ്പനി തുടർച്ചയായി നഷ്ടത്തിലായതിനാലാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കാത്തത്. കമ്പനി 80 കോടി രൂപയോളം സഞ്ചിത നഷ്ടത്തിലായതിനാലും, തുടർച്ചയായ വർഷങ്ങളിലും നഷ്ടത്തിലായതിനാലും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ മുൻകാല പ്രാബല്യത്തോടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുവാൻ സാധ്യമല്ല. കേരള ആട്ടോ-മൊബൈൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നൽകുന്നതുമായി ബന്ധപ്പെട്ട ശിപാർശയുടെ വിവിധ സാമ്പത്തിക വശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കു-വാൻ കേരള ആട്ടോമൊബൈൽസ് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | 2014 മുതൽ ജീവനക്കാരുടെ പി.എഫ് വിഹിതം അടയ്ക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പി. എഫ് വിഹിതം അടച്ചു തീർക്കുന്നതിനായി കെ.എ.എൽ. ന് പ്രത്യേക സഹായം അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021 ഫെബ്രുവരി വരെ റിട്ടയർ ചെയ്ത എല്ലാ ജീവനക്കാരുടേയും പി. എഫ്. വിഹിതം അടച്ചിട്ടുണ്ട്. കുടിശ്ശിക അടച്ചുതീർക്കുന്ന കാര്യം കമ്പനിയുടെ പ്രവർത്തനക്ഷമതയുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്നതായിരിക്കും. പി. എഫ് വിഹിതം അടച്ചു തീർക്കുന്നതിനായി കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് പ്രത്യേക സഹായം അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | കെ.എ.എൽ. ന് പ്രവർത്തന മൂലധനമായി സർക്കാർ ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്നും ഇത് | (സി) | ഉണ്ട്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് റീഅപ്രോപ്രിയേഷൻ മുഖേന പ്രവർത്തന മൂലധനം ലഭ്യമാക്കുന്ന-തിനായി 200 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും |

| | | | |
|---|---|---|---|
| | എപ്രകാരം വിനിയോഗിക്കുന്നു എന്നും വ്യക്തമാക്കാമോ? | | അതിൽ നിന്ന് 100 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇ-ലാംസ് മുഖേന 34 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം കമ്പനിയ്ക്ക് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച തുകകൾ കമ്പനിയുടെ നിലവിലെ പ്രധാന ഉത്പ്പന്നമായ ഇലക്ട്രിക് ഓട്ടോയുടെ നിർമ്മാണത്തിനായാണ് വിനിയോഗിക്കുന്നത്. കൂടാതെ ഇ - ഓട്ടോ, ഇ - റിക്ഷാ, ഇ - സ്കൂട്ടർ എന്നിവയുടെ നിർമ്മാണത്തിനും വികസനത്തിനുമായി 816 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ